# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനം നാളെ മുതൽ.

   **The first session of the 18th Lok Sabha will commence tomorrow.**

2. രാജ്യത്തെ വെള്ളപ്പൊക്കക്കെടുതി നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Home Minister Amit Shah reviews overall preparedness for flood management in the country.**

3. നീറ്റ് - യുജി പരീക്ഷ ചോദ്യപേപ്പർ ചോർച്ചക്കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് സിബിഐ.

   **CBI registers FIR in connection with NEET-UG examination**

4. ഛത്തീസ്ഗഢിലെ സുക്മ ജില്ലയിലുണ്ടായ സ്ഫോടനത്തിൽ മലയാളി സൈനികനുൾപ്പെടെ രണ്ട് പേർക്ക് വീരമൃത്യു.

   **In Chhattisgarh, two jawans including a Keralite were killed in an IED blast Sukma district today.**

5. കേരളത്തിൽ പട്ടികജാതി-പട്ടികവർഗക്ഷേമ മന്ത്രിയായി ഒ ആർ കേളു സത്യപ്രതിജ്ഞ ചെയ്തു.

   **In Kerala O.R. Kelu took oath as the State Minister for Welfare of Scheduled Castes, Scheduled Tribes, and Backward Classes.**

6. വനിതാ ഏകദിന ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് 216 റൺസ് വിജയലക്ഷ്യം.

   **In Women's cricket, South Africa set a target of 216 runs for the India**

&&&&&&&&&&&&&&&&

## HEADLINE 1
## PARLIAMENT SESSION

പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് നാളെ തുടക്കമാകും. ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബ് സത്യവാചകം ചൊല്ലിക്കൊടുക്കും. ബുധനാഴ്ചയാണ് സ്പീക്കർ തിരഞ്ഞെടുപ്പ്. വ്യാഴാഴ്ച രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്യും. രാജ്യസഭാ സമ്മേളനവും വ്യാഴാഴ്ച ആരംഭിക്കും. അടുത്ത മാസം മൂന്ന് വരെയാണ് പാർലമെന്റ് സമ്മേളനം.

&&&&&&&&&&&&&&&&

## HEADLINE 2
## REV HM- FLOOD MEETING

രാജ്യത്തെ വെള്ളപ്പൊക്ക നിവാരണ തയ്യാറെടുപ്പുകൾ അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതലയോഗം ചേർന്നു. കേന്ദ്ര ജൽശക്തി മന്ത്രി സി ആർ പാട്ടീൽ, ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ്, വിവിധ മന്ത്രാലയങ്ങളിലെ സെക്രട്ടറിമാർ, ദേശീയ ദുരന്ത നിവാരണ സേനയിലെയും കേന്ദ്ര കാലാവസ്ഥാ വകുപ്പിലെയും മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, സിക്കിം എന്നിവിടങ്ങളിൽ അടുത്തിടെയുണ്ടായ മഴക്കെടുതികളുടെ പശ്ചാത്തലത്തിലായിരുന്നു യോഗം.

&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ വ്യാഴാഴ്ചവരെ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നിർദ്ദേശം നൽകി. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനു പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&

## HEADLINE 3
## CBI-NEET EXAM

നീറ്റ് - യുജി പരീക്ഷ ചോദ്യപേപ്പർ ചോർച്ച കേസിൽ സി.ബി.ഐ, എഫ് ഐ ആർ രജിസ്റ്റർ ചെയ്തു. വിദ്യാഭ്യാസ മന്ത്രാലയം നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് എഫ് ഐ ആർ രജിസ്റ്റർ ചെയ്തത്. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രാജ്യത്തുടനീളം രജിസ്റ്റർ ചെയ്ത കേസുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണെന്ന് സിബിഐ അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&

## COMMITTED TO EXAM INTEGRITY- INTRO

രാജ്യത്ത് പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് 24 മണിക്കൂറിനിടെ കേന്ദ്രസർക്കാർ നാല് സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു. സുതാര്യമായി പരീക്ഷ നടത്തുന്നതിന് കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ വ്യക്തമാക്കി.

വിശദാംശങ്ങളിലേക്ക്...

(വോയിസ് )

## COMMITTED TO EXAM INTEGRITY- VOICE

വിദ്യാർത്ഥികളുടെ ക്ഷേമവും ശോഭനമായ ഭാവിയുമാണ് എൻഡിഎ സർക്കാരിൻ്റെ മുൻഗണനയെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ വ്യക്തമാക്കി. പരീക്ഷയിൽ ക്രമക്കേട് നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിൻറെ തുടർച്ചയായാണ് ഒരു ദിവസത്തിനുള്ളിൽ സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടത്. നീറ്റ് ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണം സിബിഐക്ക് കൈമാറി. എൻടിഎയുടെ ഡയറക്ടർ ജനറലിനെ മാറ്റി ഐഎസ്ആർഒ മുൻ മേധാവി കെ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ നീറ്റ് ചോദ്യപേപ്പർ ചോർച്ച അന്വേഷിക്കാൻ ഏഴംഗ ഉന്നതതല സമിതിക്ക് രൂപംനൽകി. പരീക്ഷാ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും ഡാറ്റ സുരക്ഷാ നടപടിക്രമങ്ങൾ മെച്ചപ്പെടുത്തുന്നതിനും എൻ.ടി.എ.യുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് ഉന്നതതല സമിതി ശുപാർശകൾ നൽകും. എൻടിഎയുടെ നിലവിലെ പരാതി പരിഹാര പ്രക്രിയയും സമിതി വിലയിരുത്തും. രണ്ട് മാസത്തിനകം മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കും. ഇന്ന് നടത്താനിരുന്ന നീറ്റ്-പിജി പ്രവേശന പരീക്ഷ മാറ്റിവച്ചതാണ് മറ്റൊരു സുപ്രധാന തീരുമാനം. പേപ്പർ ചോർച്ച തടയാനും മത്സര പരീക്ഷകളിലെ ക്രമക്കേടുകൾ തടയാനുമാണ് പേപ്പർ ചോർച്ച വിരുദ്ധ നിയമം കേന്ദ്ര സർക്കാർ നടപ്പാക്കിയത്. കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്ക് മൂന്ന് വർഷം മുതൽ 10 വർഷം വരെ ശിക്ഷയും 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ പിഴയും ലഭിക്കാനുള്ള വ്യവസ്ഥയും നിയമത്തിലുണ്ട്. UPSC, SSC,

റെയിൽവേ, ബാങ്കിങ് റിക്രൂട്ട്മെൻ്റ് പരീക്ഷകളും NTA നടത്തുന്ന എല്ലാ പരീക്ഷകളും ഈ നിയമത്തിൻ്റെ പരിധിയിൽ വരും.
ന്യൂസ് ഡെസ്ക്, ആകാശവാണി.

**&&&&&&&&&&&&&&&**

# HEADLINE 4

## REV CHHATTISGARH-BLAST

ഛത്തീസ്ഗഢിലെ സുക്മ ജില്ലയിലുണ്ടായ സ്ഫോടനത്തിൽ മലയാളി സൈനികനുൾപ്പെടെ രണ്ടുപേർക്കു വീരമൃത്യു. തിരുവനന്തപുരം പാലോട് സ്വദേശി വിഷ്ണുവാണ് വീരമൃത്യു വരിച്ചത്. സിആർപിഎഫിൽ ഡ്രൈവറായിരുന്നു വിഷ്ണു. ഇന്ന് ഉച്ചയോടെ വിഷ്ണു ഓടിച്ചിരുന്ന ട്രക്ക് ആക്രമണത്തിനിരയാകുകയിരുന്നു.

**&&&&&&&&&&&&&&&**

## REV CHENNAI-CRIMINAL JUSTICE

പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള സമ്മേളനത്തിന് ചെന്നൈയിൽ തുടക്കമായി. ജൂലൈ ഒന്ന് മുതൽ നിയമങ്ങൾ നടപ്പാക്കുന്നതിന് മുന്നോടിയായാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യൻ തടവുകാരെ ശിക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കോളനിവാഴ്ചക്കാലത്ത് ഇന്ത്യൻ പീനൽ കോഡ് നടപ്പാക്കിയതെന്ന് കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ് വാൾ പറഞ്ഞു. എന്നാൽ ഭാരതീയ ന്യായ സംഹിത അവതരിപ്പിച്ചത് നീതി ലഭ്യമാക്കാനാണ്. മൂന്ന് ക്രിമിനൽ നിയമങ്ങളും ഡിജിറ്റൽ സമൂഹത്തിന് അനുയോജ്യമാണെന്ന് പരിപാടിയിൽ പങ്കെടുത്ത കേന്ദ്ര സഹമന്ത്രി എൽ മുരുകൻ പറഞ്ഞു.

**&&&&&&&&&&&&&&&**

## CRIMINAL LAWS

രാജ്യത്തു പുതിയ മൂന്നു ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിനു പ്രാബല്യത്തിൽ വരുന്നതിനെക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച ഇന്നു രാത്രി 8.15നു പ്രക്ഷേപണം ചെയ്യും.

**&&&&&&&&&&&&&&&**

## EAM-UAE VISIT

ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യു.എ.ഇ.യിലെത്തി. യു.എ.ഇ വിദേശകാര്യ മന്ത്രിയുമായി തന്ത്രപ്രധാന വിഷയങ്ങളിൽ അദ്ദേഹം ചർച്ച നടത്തും.

&&&&&&&&&&&&&&&

## HEADLINE 5

## O R KELU

കേരളത്തിൽ പട്ടികജാതി-പട്ടികവർഗക്ഷേമ മന്ത്രിയായി ശ്രീ ഒ ആർ കേളു സത്യപ്രതിജ്ഞ ചെയ്തു. വൈകിട്ട് രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മന്ത്രിയായിരുന്ന കെ രാധാകൃഷ്ണൻ പാർലമെന്റംഗമായി തിരഞ്ഞെടുക്കപ്പെട്ട സാഹചര്യത്തിലാണ് ഒ ആർ കേളു സംസ്ഥാന മന്ത്രിസഭയിലെത്തിയത്.

&&&&&&&&&&&&&&&

## PLUS ONE ALLOTMENT

കേരളത്തിൽ പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും. മുഖ്യ അലോട്മെൻറ് വെള്ളിയാഴ്ച പൂർത്തിയായിരുന്നു. ഓരോ സ്കൂളിലും അവശേഷിക്കുന്ന സീറ്റുകളുടെ പട്ടിക ജൂലൈ രണ്ടിന് ഹയർസെക്കൻഡറി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&

## ISRO- INTRO

ഇന്ത്യയുടെ പുനരുപയോഗ വിക്ഷേപണ വാഹനമായ പുഷ്പകിൻ്റെ മൂന്നാമത്തെയും അവസാനത്തെയും ലാൻഡിംഗ് പരീക്ഷണം വിജയിച്ചതായി ഐഎസ്ആർഒ. രാജ്യത്തിന് ഇത് അഭിമാന നിമിഷമാണെന്നും ഐഎസ്ആർഒയുടെ അശ്രാന്ത പരിശ്രമം ബഹിരാകാശ പര്യവേഷണത്തിൽ ഇന്ത്യയെ പുതിയ ഉയരങ്ങളിലെത്തിക്കുമെന്നും കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി സമൂഹ്യമാധ്യമത്തിൽ കുറിച്ചു.

ഒരു റിപ്പോർട്ട് .....

(വോയിസ് )

## ISRO- VOICE

ഇന്ന് രാവിലെ കർണാടകത്തിലെ ചിത്രദുർഗയിലെ എയറോനോട്ടിക്കൽ ടെസ്റ്റ് റേഞ്ചിലാണ് ലാൻഡിംഗ് പരീക്ഷണം നടത്തിയത്. വ്യോമസേനയുടെ ചിനൂക്ക് ഹെലികോപ്റ്ററിലാണ് ആർഎൽവി ലെക്സ്- 03 എന്ന

പുഷ്പക് വിക്ഷേപണ വാഹനം അന്തരീക്ഷത്തിലേക്ക് ഉയർത്തിയത്. ഭൂനിരപ്പിൽ നിന്ന് നാലര കിലോമീറ്റർ ഉയരത്തിലും ഇറങ്ങേണ്ട റൺവേയിൽ നിന്ന് നാല് കിലോമീറ്റർ അകലത്തിലുംവച്ച് പുഷ്പക്കിനെ വിമാനത്തിൽ നിന്ന് സ്വതന്ത്രമാക്കി. തുടർന്ന് കൃത്യമായി ദിശ കണ്ടെത്തിയ വിക്ഷേപണ വാഹനം സുരക്ഷിതമായി റൺവേയിൽ തിരശ്ചീന ലാൻഡിങ് നടത്തുകയായിരുന്നു. മണിക്കൂറിൽ 320 കിലോമീറ്റർ ആയിരുന്നു ലാൻഡിങ് വേഗത. ശക്തമായ കാറ്റിന്റെ വെല്ലുവിളി അതിജീവിച്ചാണ് പുഷ്പക്, സുരക്ഷിതമായി ലാൻഡ് ചെയ്തതെന്ന് ഐഎസ്ആർഒ അറിയിച്ചു. ബഹിരാകാശ പര്യവേഷണ ചെലവ് ഗനണ്യമായി കുറയ്ക്കുന്നതിന് ഈ സാങ്കേതിക വിദ്യ സഹായിക്കും.
ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&

## HEADLINE 6

## WOMEN CRICKET IND-SA

വനിതാ ഏകദിന ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് 216 റൺസ് വിജയലക്ഷ്യം. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക 50 ഓവറിൽ എട്ടിന് 215 റൺസ് നേടി. ക്യാപ്റ്റൻ ലോറ വോൾവാർഡ്ത് അർധ സെഞ്ചുറി നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ വിവരം കിട്ടുമ്പോൾ 30 2 വിക്കറ്റിന് 169 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&

## T20 CRICKET WORLD CUP

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 പോരാട്ടത്തിൽ ഇന്നു രാത്രി എട്ടിന് അമേരിക്കയും ഇംഗ്ലണ്ടും ഏറ്റുമുട്ടും. നാളെ പുലർച്ചെ ആറിന് വെസ്റ്റ് ഇൻഡീസ്, ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്നു രാവിലെ നടന്ന മത്സരത്തിൽ കരുത്തരായ ഓസ്ട്രേലിയയെ അഫ്ഗാനിസ്ഥാൻ തോൽപ്പിച്ചിരുന്നു. ഇതോടെ ഓസ്ട്രേലിയയുടെ സെമി ഫൈനൽ പ്രതീക്ഷകൾക്ക് മങ്ങലേറ്റു.

&&&&&&&&&&&&&&&&

## EURO-COPA-FOOTBALL

യൂറോ കപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12.30ന് രണ്ടു മത്സരങ്ങൾ. സ്വിറ്റ്സർലൻഡ് ജർമനിയെയും, സ്കോട്ലൻഡ് ഹംഗറിയെയും നേരിടും. രണ്ടു മത്സരങ്ങൾ ജയിച്ച ജർമനി പ്രീക്വാർട്ടർ ഉറപ്പാക്കിയിട്ടുണ്ട്. കോപ്പ

അമേരിക്ക ഫുട്ബോളിൽ നാളെ പുലർച്ചെ 3.30ന് അമേരിക്ക, ബൊളീവിയയെയും 6.30ന് യുറുഗ്വേ, പാനമയെയും നേരിടും.

&&&&&&&&&&&&&&&

## MANIPUR-BOMB BLAST

മണിപ്പൂരിലെ ജിരിബാം ജില്ലയിലെ ഗോവാഖലിൽ ഇന്നു പുലർച്ചെ ശക്തമായ സ്ഫോടനം ഉണ്ടായി. സ്ഫോടനത്തിൽ കൃഷിയിടം പൂർണമായും നശിച്ചു. ആളപായമില്ല. ഐ ഇ ഡി ഉപയോഗിച്ചാണ് സ്ഫോടനമെന്നാണ് പ്രാഥമിക നിഗമനം. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&

## J-K TERRORIST

കശ്മീർ താഴ്‌വരയിലെ ഉറി സെക്ടറിൽ നുഴഞ്ഞ് കയറാൻ ശ്രമിച്ച ഭീകരനെ സൈന്യം വധിച്ചു. ബാരാമുള്ള ജില്ലയിൽ നിയന്ത്രണരേഖയ്ക്ക് സമീപമായിരുന്നു ഏറ്റുമുട്ടൽ. ഭീകരരുടെ സാന്നിധ്യമുണ്ടെന്ന വിവരത്തെത്തുടർന്ന് ഇന്നലെയാണ് സുരക്ഷാസേന തിരച്ചിൽ ആരംഭിച്ചത്.

&&&&&&&&&&&&&&&

## MAYAWATI-BSP MEETING

ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യുന്നതിനായി ബഹുജൻ സമാജ് പാർട്ടി അധ്യക്ഷ മായാവതിയുടെ അധ്യക്ഷതയിൽ ഇന്ന് അവലോകന യോഗം ചേർന്നു. ഉത്തർപ്രദേശിലെ ലഖ്നൗവിലെ ബിഎസ്പി ഓഫീസിൽ നടന്ന യോഗത്തിൽ മുതിർന്ന നേതാക്കൾ പങ്കെടുത്തു. യോഗത്തിൽ മായാവതി, അനന്തരവൻ ആകാശ് ആനന്ദിനെ, രാഷ്ട്രീയ പിൻഗാമിയായി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&

## KANISHKA FLIGHT

എയർ ഇന്ത്യയുടെ 'കനിഷ്ക' വിമാനദുരന്തത്തിൻ്റെ 39-ാം വാർഷികത്തിൽ, ജീവൻ നഷ്ടമായവർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഭീകരത ഒരിക്കലും വച്ചുപൊറുപ്പിക്കരുത് എന്നതിൻ്റെ ഓർമ്മപ്പെടുത്തലാണ് ചരിത്രത്തിലെ ഏറ്റവും വലിയ ഭീകരാക്രമണങ്ങളിൽ ഒന്നായ കനിഷ്ക വിമാനദുരന്തമെന്നും ഡോ. ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

## BJP-HOOCH TRAGEDY

തമിഴ്നാട്ടിലെ വിഷമദ്യ ദുരന്തത്തിൽ കോൺഗ്രസും ഡിഎംകെയും I.N.D.I സഖ്യവും മൗനം പാലിക്കുകയാണെന്ന് ബിജെപി ആരോപിച്ചു. ദൗർഭാഗ്യകരമായ സംഭവം തമിഴ്നാടിനെ ദുഃഖത്തിൽ ആഴ്ത്തിയിരിക്കുകയാണെന്ന് പാർട്ടിവക്താവ് സംബിത് പാത്ര ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&
&&&&&&&&&&
&&&